1/2 FAX.

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. സിഡിഎൻ.4/181/2022/പൊഭവ.

തീയതി, തിരുവനന്തപുരം, 13-12-2022

**<u>സർക്കുലർ</u>**

വിഷയം:- പൊഭവ- സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം കർശനമാക്കുന്നത് സംബന്ധിച്ച്

സൂചന :- 1) സ.ഉ(സാധ)നം.3214/2017/തസ്വഭവ തീയതി 05.10.2017.
2) സ.ഉ(സാധ)നം.5784/2018/പൊഭവ തീയതി 04.09.2018.
3) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.10.2022 ലെ 1071/E2/SM/2018 നമ്പർ കത്ത്.

-----------

സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കിക്കൊണ്ടും കൂടാതെ മന്ത്രിമാർ, എം. പി. മാർ, എം. എൽ. എ മാർ എന്നിവർ പങ്കെടുക്കുന്ന പൊതു പരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവയും സർക്കാർ സംഘടിപ്പിക്കുന്ന പൊതു പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കാൻ പാടുള്ളു എന്നും ഇത്തരം പരിപാടികളിൽ പ്ലാസ്റ്റിക് കുപ്പിവെള്ളം, പ്ലാസ്റ്റിക്ക് ഡിസ്പോസബിൾ വസ്തുക്കളിലുള്ള ആഹാര- പാനീയ വിതരണം, ഫ്ലക്സ്, പ്ലാസ്റ്റിക്കിലും തെർമോക്കോളിലുമുള്ള അലങ്കാരങ്ങൾ തുടങ്ങിയവയും കർശനമായി ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ടും പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും വിവിധ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും നിരോധിത ഡിസ്പോസബിൾ ഉത്പ്പന്നങ്ങളിലുള്ള (പേപ്പർ കപ്പ്, പേപ്പർ പ്ലേറ്റ്, പ്ലാസ്റ്റിക്ക് കോട്ടിങ്ങോടുകൂടിയ കപ്പ് /പ്ലേറ്റുകൾ, തെർമോക്കോൾ/സ്റ്റൈറോഫാം കപ്പുകൾ പ്ലേറ്റുകൾ തുടങ്ങിയവ) ഉപയോഗിച്ച് ഭക്ഷണ പാനീയ വിതരണം തുടർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ശുചിത്വമിഷൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ വിളിച്ചു ചേർക്കുന്ന എല്ലാ യോഗങ്ങളിലും മറ്റ് സർക്കാർ പരിപാടികളിലും നിരോധിത ഡിസ്പോസബിൾ ഉത്പ്പന്നങ്ങളിലുള്ള (പേപ്പർ കപ്പ്, പേപ്പർ പ്ലേറ്റ്, പ്ലാസ്റ്റിക് കോട്ടിങ്ങോടുകൂടിയ കപ്പ് /പ്ലേറ്റുകൾ, തെർമോക്കോൾ/സ്റ്റൈറോഫാം കപ്പുകൾ പ്ലേറ്റുകൾ തുടങ്ങിയവ) ഭക്ഷണ പാനീയ വിതരണം, ഒഴിവാക്കി പകരം കഴുകി ഉപയോഗിക്കാവുന്ന (സ്റ്റീൽ/ചില്ല്/സെറാമിക്സ്) പാത്രങ്ങൾ ഉപയോഗിക്കേണ്ടതാണ്. കൂടാതെ കോവിഡ് മഹാമാരിയുടെ ഭീഷണിയൊഴിഞ്ഞുവരുന്ന സാഹചര്യത്തിൽ എല്ലാ സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കേണ്ടതും ആയത് എല്ലാ വകുപ്പ് മേധാവികളും ഉറപ്പുവരുത്തേണ്ടതുമാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, പബ്ലിക്ക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി – സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Sreekumar T
Date: 13-12-2022 12:05:40
സെക്ഷൻ ഓഫീസർ.

പകർപ്പ്- മുഖ്യമന്ത്രിയുടെ പ്രൈവറ്റ്/പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്